# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം
# നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5762
# 25.05.2017 ലെ മറുപടിയ്ക്ക്

## പങ്കാളിത്ത പെൻഷൻ പദ്ധതി

**ചോദ്യം :**
**ശ്രീ.ചിറയം ഗോപകുമാർ**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ 'പെൻഷൻ ഫണ്ട്' ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ് വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 ലെ SCRA[Securities Contracts (Regulation) Act, 1956] പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല. |
| ബി) | പുതിയതായി രൂപീകരിക്കപ്പെടുന്ന കേരളാ ബാങ്കിൽ ഈ ഫണ്ട് നിക്ഷേപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | |
| സി) | നിലവിൽ അനുബന്ധ ഫണ്ട് ഏതെല്ലാം ബാങ്കിംഗ് സ്ഥാപനങ്ങളിലാണ് നിക്ഷേപിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ? | പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെയും പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്ന എൻ.പി.എസ് ട്രസ്റ്റിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയെയാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാർ ആയി നിയമിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**